# കേരളീയം

## വീണ്ടുമൊരു സ്വകാര്യം

**ക**ഴിഞ്ഞ നവംബറിലാണ് കേരളീയത്തിന്റെ ആദ്യ ട്രയൽ ലക്കം പുറത്തിറങ്ങിയത്. ഡിസംബറിൽ രണ്ടാമത്തെ ട്രയൽ ലക്കം ഇറങ്ങി. ജനുവരിയായപ്പോഴേയ്ക്കും 'ജാഗ്രതയുടെ കേരളീയം' എന്ന പേരിൽ രജിസ്ട്രേഷൻ ലഭിക്കുകയും ഔദ്യോഗികമായി പ്രസിദ്ധീകരണം ആരംഭിക്കുകയും ചെയ്തു.

ഉദ്ദേശിച്ചിടത്തോളം മേഖലകളിലും വായനക്കാരിലും എത്തിച്ചേരാനോ സമകാലിക സാമൂഹിക പ്രശ്നങ്ങളിൽ സജീവമായി പ്രതികരിക്കുന്ന കേരളീയരെ കണ്ടെത്തി അവരുടെ സംവാദവേദിയാക്കി കേരളീയത്തെ മാറ്റാനോ സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാനോ...... ഒന്നും ലക്ഷ്യമിട്ടിടത്തോളം കഴിഞ്ഞിട്ടില്ല.

പരസ്യങ്ങൾ, വിശ്വസിക്കാവുന്ന ഒരു വരുമാനമാർഗമല്ലാത്തതുകൊണ്ട് നമുക്ക് പത്രത്തിൽനിന്നുതന്നെ മുടക്കുമുതൽ തിരിച്ചുകിട്ടുന്ന ഒരു അവസ്ഥ ഉണ്ടായേ തീരൂ. ഇരുപതിനായിരം കോപ്പികളെങ്കിലും ചെലവാകുന്ന ഒരവസ്ഥയിലേ കേരളീയം ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തൂ. കേരളീയം വായിക്കാൻ കൊള്ളാവുന്ന ഒരു പ്രസിദ്ധീകരണമാണെന്നു തോന്നിയിട്ടുള്ള എല്ലാ വായനക്കാരും സ്വന്തം നിലയ്ക്ക് രണ്ടോ മൂന്നോ വരിക്കാരെ ചേർത്തുതരാൻ ശ്രമിച്ചാൽ ഒറ്റദിവസംകൊണ്ട് തീരാവുന്നതേയുള്ളൂ കേരളീയത്തിന്റെ പ്രശ്നം. എല്ലാ വായനക്കാരും ഒന്നു മനസുവയ്ക്കണമെന്ന് അപേക്ഷിക്കുന്നു.

സാമ്പത്തിക വിഷമതകൾ മറികടക്കുംവരെ മനസിലുദ്ദേശിക്കുംപോലെയുള്ള ഒരു പത്രമായി കേരളീയത്തെ പുറത്തിറക്കാൻ ആവില്ല. ദ്വൈവാരികയാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യവും അതിനുശേഷമേ നടപ്പാക്കാനാവൂ.

കേരളീയന്റെ ഇന്നത്തെ ജീവിതശൈലിയേയും സംസ്കാരത്തേയും വികസന സങ്കല്പത്തെയും ശരി എന്നു സമ്മതിച്ചുകൊടുക്കാൻ ബുദ്ധിമുട്ടുള്ളവരുടെ ഒരു സംവാദവേദിയായാണ് കേരളീയത്തെ നമ്മൾ കാണുന്നത്. ഈ സംവാദം സാധാരണ മലയാളിക്ക് മനസിലാവുന്ന ലളിതമായ ഭാഷയിലാവണം എന്ന നിർബന്ധം നമുക്കുണ്ട്.

രാഷ്ട്രീയക്കാർ പരസ്പരം നടത്തുന്ന ആരോപണ- പ്രത്യാരോപണങ്ങൾക്കപ്പുറത്തുള്ള ശരിയായൊരു സംവാദമാണ് നമ്മുടെ ലക്ഷ്യം. ഇക്കാര്യത്തിലും വായനക്കാരുടെ സഹായം ഉണ്ടായേ തീരൂ. നമ്മുടെ തെറ്റായ ജീവിത പശ്ചാത്തലങ്ങളെ നേരെയാക്കാനുള്ള ചിന്തകളും വിമർശനങ്ങളും അയച്ചുതരിക.

കേരളീയത്തിന് സ്വന്തമായി ഒരു ആദർശമോ രാഷ്ട്രീയമോ തത്വചിന്തയോ പ്രചരിപ്പിക്കാനില്ല. കേരളീയം പ്രവർത്തകർക്കും കൂടി ശരിയെന്നു തോന്നുന്ന വിധത്തിൽ പ്രവർത്തിച്ചു വരുന്ന വ്യക്തികൾക്കും സംഘടനകൾക്കും തങ്ങളുടെ പ്രവർത്തനങ്ങളും ചിന്തകളും പ്രചരിപ്പിക്കാൻ കേരളീയത്തെ ഉപകാരപ്പെടുത്താവുന്നതേയുള്ളൂ. സമൂഹത്തെ നേർവഴി ബോധ്യപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ നിലനില്ക്കുന്ന ഏതു പ്രസ്ഥാനത്തിനും കേരളീയം ഇടം നല്കും. സത്യത്തിൽ അത്തരം പ്രസ്ഥാനങ്ങളുടെ പൊതുവായ നാവാവുകയാണ് കേരളീയത്തിന്റെ ലക്ഷ്യവും.

കേരളീയത്തെ നിലനിർത്തിക്കൊണ്ടുപോകാൻ ഓരോരുത്തരും സഹകരിക്കണം. നിങ്ങൾക്കു ഭാരമാകാത്ത ചെറിയ സഹായങ്ങൾ ചെയ്യണം. നന്മനിറഞ്ഞ ഒറ്റപ്പെട്ട തുരുത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചെറിയൊരു തുഴ വെള്ളമാക്കി കേരളീയത്തെ നിലനിർത്തുക.